(ഡി) തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). നോർക്ക റൂട്ട്സും കാനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പു വയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് മേൽപ്പറഞ്ഞ പദ്ധതി 2014-15-ൽ നടപ്പാക്കിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം അപേക്ഷകർ സമർപ്പിക്കുന്ന സംരംഭക പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി റിസർവ് ബാങ്കിന്റെ നിയമങ്ങൾക്ക് വിധേയമായാണ് ഈ ബാങ്കുകൾ ലോൺ അനുവദിക്കുന്നത്. ഈ പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെ കൂടി ഉൾപ്പെടുത്തി ഗുണഭോക്താവുമായി കൂടിക്കാഴ്ച നടത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. വായ്പയ്ക്കായി അപേക്ഷിച്ച് 19690 അപേക്ഷകരേയും സ്ക്രീനിംഗിന് വിളിക്കുകയും അതിൽ ഹാജരായ 7218 അപേക്ഷകരിൽ 6821 പേരെ വായ്പയ്ക്ക് അർഹരായി കണ്ടെത്തുകയും 6758 പേരെ ബാങ്കിന്റെ നിബന്ധനയ്ക്ക് വിധേയമായി ലോൺ അനുവദിക്കുന്നതിലേയ്ക്കായി ബാങ്കിലേയ്ക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ 1072 പേർ ലോൺ എടുത്തതായി ബാങ്കുകളിൽനിന്നും സ്റ്റേറ്റ്മെന്റ് ലഭിച്ചിട്ടുണ്ട്. ഇതിൽ 1022 പേർക്ക് സബ്സിഡി ആനുകൂല്യവും നൽകിയിട്ടുണ്ട്. 2015-16-ൽ കാനറ ബാങ്കും യൂണിയൻ ബാങ്കും, സൗത്ത് ഇന്ത്യൻ ബാങ്കുമാണ് വായ്പ നൽകാൻ MoU ഒപ്പുവച്ചിട്ടുള്ളത്. എസ്.ബി.ടി. ഉൾപ്പെടെ കൂടുതൽ ബാങ്കുകളെ സഹകരിപ്പിക്കുന്നതിന് ചർച്ചകൾ പുരോഗമിച്ചുവരുന്നു.

പ്രവാസി മലയാളികൾ

95 (1469) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രവാസി മലയാളികൾക്കായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവാസി മലയാളികളിൽ ജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ഇരുപത് ലക്ഷം രൂപാ വരെ സർക്കാർ അനുവദിക്കുന്നത് ചില ബാങ്കുകൾ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കാര്യങ്ങളിൽ ശക്തമായ നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രവാസി മലയാളികളുടെ സമഗ്ര ക്ഷേമത്തിന് ഇനി എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവാസി മലയാളികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

(ബി) ഉണ്ട്. നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പദ്ധതി പ്രകാരം നോർക്കയും കാനറ ബാങ്കും, സൗത്ത് ഇന്ത്യൻ ബാങ്കും, യൂണിയൻ ബാങ്കുമായി കരാർ ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്കിന്റെ നിയമങ്ങൾക്ക് വിധേയമായി പദ്ധതിയുടെ പ്രായോഗികത വിലയിരുത്തിയാണ് ലോൺ തുക ബാങ്ക് അനുവദിക്കുന്നത്. ബാങ്കിൽനിന്നും ലോൺ അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കൾക്കാണ് 15% മൂലധന സബ്സിഡിയും (ബാക് എൻഡ്), ആദ്യത്തെ നാലുവർഷം 3% പലിശ സബ്സിഡിയും സർക്കാർ നൽകുന്നത്. 2015 മാർച്ച് 31-ന് ബാങ്കുകളുമായിട്ടുള്ള ധാരണാപത്രത്തിന്റെ കാലാവധി അവസാനിച്ച 2015 നവംബർ മാസം ബാങ്കുമായിട്ടുള്ള ധാരണാപത്രം പുതുക്കിയതിനെ തുടർന്ന് തീർപ്പാക്കാത്ത അപേക്ഷകൾ ബാങ്കിലേയ്ക്ക് വീണ്ടും അയച്ചുതുടങ്ങിയിട്ടുണ്ട്. കൂടാതെ 2016 ജനുവരി 1 മുതൽ ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ചു വരുന്നുണ്ട്. എസ്.ബി.ടി. ഉൾപ്പെടെ കൂടുതൽ ബാങ്കുകളെ പദ്ധതിയുമായി സഹകരിപ്പിക്കുന്നതിന് ചർച്ചകൾ നടന്നുവരുന്നു. അർഹരായ എല്ലാ അപേക്ഷകർക്കും വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രവാസി എഡ്യൂക്കേഷൻ സെൽ, പ്രവാസി മലയാളികളുടെ പ്രവൃത്തി പരിചയം കണക്കിലെടുത്ത് സ്കിൽ ടെസ്റ്റിംഗ് നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതി തുടങ്ങിയ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

പ്രവാസി മലയാളിക്ഷേമ പദ്ധതി

96 (1470) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നത്, വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly